## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 121 — 12/07/2016 -ൽ മറുപടിയ്ക്ക്

# സംസ്ഥാനം പച്ചക്കറികൃഷിയിൽ കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**,, വി.ഡി.സതീശൻ**<br>**,, അടൂർ പ്രകാശ്**<br>**,, പി.ടി. തോമസ്** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനം പച്ചക്കറികൃഷിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;<br><br>ബി) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉത്പാദനം ഇക്കാലത്ത് എത്രയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു; വിശദാംശങ്ങൾ എന്തെല്ലാം; | എ) & ബി) | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2005-06 കാലഘട്ടത്തിൽ 47256 ഹെക്ടർ കൃഷി സ്ഥലത്തുനിന്നും 5.67 ലക്ഷം മെട്രിക് ടൺ ഉല്പാദനം ഉണ്ടായിരുന്നത് 2014-15 കാലഘട്ടത്തിൽ 44360 ഹെക്ടർ കൃഷി സ്ഥലത്തു നിന്നും 5.98 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ കൃഷി ഭൂമിയുടെ വിസ്തീർണ്ണം 2896 ഹെക്ടർ കുറഞ്ഞതായിട്ടാണ് ഒദ്യോഗിക കണക്കുകൾ കാണിക്കുന്നത്. |
| സി) ഈ നേട്ടങ്ങൾ കൈവരിക്കാൻ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കുമോ? | സി) | 2006 മുതൽ സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി ഉല്പാദനത്തിനായുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകൾ, |

പൊതുസ്ഥലങ്ങൾ എന്നിവ ഉപയോഗിച്ചുള്ള കൃഷിയും, മട്ടുപ്പാവ് കൃഷിയും വ്യാപിപ്പിച്ചിരുന്നു. ഇതിനു പുറമെ ആധുനിക കൃഷി രീതിയായ പ്രിസിഷൻ ഫാമിംങ്, പോളിഹൗസ് ഫാമിംങ് കൃഷിയും, മഴമറകൃഷിയും ആരംഭിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്തും ഈ പദ്ധതികൾ തുടർന്നു പോരുകയുണ്ടായി. പോളിഹൗസുകൾ മുൻകാലത്തേക്കാൾ കൂടുതൽ ഇക്കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. എന്നാൽ പോളിഹൗസിലെ കൃഷി രീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് വേണ്ടത്ര അവബോധവും, പരിശീലനവും നൽകാതെ ആരംഭിച്ചതിനാൽ സർക്കാർ ഉദ്ദേശിച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതേ സമയം മട്ടുപ്പാവിലും ഗ്രോബാഗിലുമുള്ള കൃഷി രീതികൾ അർബൻ ഏരിയാകളിലും ഗ്രാമങ്ങളിലും വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| Details of Area under Vegetables (DES Data) and Estimated Production at 12 MT /Ha. | | |
|---|---|---|
| Year | Area (Ha.) | Production (Lakh MT) |
| 2005-06 | 47256 | 5.67 |
| 2006-07 | 48148 | 5.78 |
| 2007-08 | 47831 | 5.74 |
| 2008-09 | 43760 | 5.25 |
| 2009-10 | 43412 | 5.21 |
| 2010-11 | 42117 | 5.05 |
| 2011-12 | 41155 | 5.55 |
| 2012-13 | 40837 | 5.51 |
| 2013-14 | 41262 | 5.57 |
| 2014-15 | 44360 | 5.98 |

S. [signature]

സെക്ഷൻ ഓഫീസർ